പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2928

28.1.2014 ലെ മറുപടിക്ക്

ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| --- | --- |
| (എ) ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കാത്തവരെ സർക്കാർ സ്കൂളുകളിൽ പി.എസ്.സി വഴി നിയമിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ടെസ്റ്റ് വിജയിക്കാത്തവരെ എയ്ഡഡ് സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;<br><br>(സി) എങ്കിൽ എന്തെല്ലാമാണ് നിബന്ധനകൾ എന്ന് വ്യക്തമാക്കുമോ;<br><br>(ഡി) നിശ്ചിത കാലയളവിനുള്ളിൽ നിബന്ധനകൾ പാലിച്ചിട്ടില്ലെങ്കിൽ ഇങ്ങനെ നിയമിച്ച അദ്ധ്യാപകരെ പിരിച്ചുവിടുന്നതിന് സർക്കാരിനോ മാനേജർമാർക്കോ അധികാരമുണ്ടോ;<br><br>(ഇ) സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് നിയമനത്തിന് ടെസ്റ്റ് നിർബന്ധമാക്കുകയും എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിൽ ടെസ്റ്റ് യോഗ്യതയിൽ ഇളവ് അനുവദിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും<br><br>01.10.2011ലെ സ.ഉ(പി) നം.199/ 11 / പൊ.വി.വ ഉത്തരവുപ്രകാരം ഭാവിയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധമാക്കി. 25.07.2012ലെ സ.ഉ(പി)നം.244/ 12 / പൊ.വി. വ പ്രകാരം 31.3.12ന് മുൻപ് റഗുലർ സർവ്വീസിൽ നിയമിതരായ അദ്ധ്യാപകരെ ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റിൽ നിന്നും ഒഴിവാക്കുകയുണ്ടായി. സ.ഉ(പി) നം. 294/12/ പൊ.വി.വ തീയതി 20.09.2012 പ്രകാരം 2012-13 വർഷത്തിൽ നിയമിതരായവർക്കും സ.ഉ(പി)നം. 284/13/ പൊ.വി.വ തീയതി 24.10.13 പ്രകാരം 2013-14 വർഷത്തിൽ നിയമിതരായവർക്കും ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകാൻ 5 വർഷത്തെ സമയം അനുവദിച്ചുകൊണ്ട് ഉത്തരവായി. ആയതിനനുസൃതമായി സ്പെഷ്യൽ റൂൾസ്, കെ.ഇ.ആർ എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ